# ജാമക്കാരൻ
# JAMAKKARAN

ജാ
മ
ക്കാ
ര
ൻ
JAMAKKARAN

VOLUME - 6 Reg NO.TNBIL/2016/70171 ISSUE - 1
JANUARY - 2022 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com
Mob.: No. **9894261333** **This No. is for SMS Purpose only**



കർത്താവിൽ എനിക്ക് കൃപയായി ലഭിച്ച ജാമക്കാരൻ വായനക്കാർക്ക്,

നിങ്ങൾ ഏവർക്കും ഞങ്ങൾ കുടുംബമായിട്ട് പുതുവർഷാശംസകൾ (2022) നേരുന്നു. ഈ പുതിയ വർഷത്തിൽ നിങ്ങൾ എല്ലാവരും സമാധാനത്തോടും സന്തോഷത്തോടും ആരോഗ്യത്തോടും ദൈവത്തെ മഹത്വപ്പെടുത്തണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. കർത്തവ് പറഞ്ഞു: **എന്നെ രുചിച്ചറിവിൻ** എന്ന്. ദൈവത്തെ രുചിച്ചറിയുക എന്നത് ഒരു ഒരു പ്രതേക അനുഭവമാണ്. മാനസാന്തരപ്പെട്ടവർക്കു മാത്രമേ അത് അനുഭവിക്കാൻ സാധിക്കുകയുള്ളു. അങ്ങനെ രുചിച്ച് സന്തോഷത്തോടെ സ്തുതിച്ച് ദൈവത്തെ മഹത്വപ്പെടുത്തുന്നത് ദൈവത്തിനു പ്രസാദമായിരിക്കും. ഇങ്ങനെയുള്ളവർക്ക് പ്രശ്നങ്ങളുടെ മദ്ധ്യത്തിലും കുടുംബത്തിലെ മരണ അനുഭവങ്ങളുടെ മദ്ധ്യത്തിലും ദൈവത്തെ സ്തുതിക്കുവാൻ സാധിക്കും. ‘**യഹോവയിൽ രസിച്ചുകൊൾക അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ സാധിച്ചുതരും**’ എന്നു

സങ്കീർത്തനക്കാരൻ പറയുന്നു. ഈ പുതിയ വർഷത്തിൽ (2022) ജാമക്കാരൻ മുഖേന നിങ്ങളുടെ ഭവനങ്ങളിൽ സന്ദർശിക്കുന്നത് ദൈവത്തിന്റെ മഹാകൃപ തന്നെയാണ്. 2020–ാം വർഷം മാർച്ച് മാസം തുടങ്ങി ഇന്നുവരെയും ഏകദേശം രണ്ടു വർഷങ്ങളായി ഞാൻ പുറത്തൊന്നും ഇറങ്ങാതെ, കൺവെൻഷൻ യോഗങ്ങളിലൊന്നും പങ്കെടുക്കാതെ Zoom മുഖേനയും ദൈവീക സന്ദേശങ്ങൾ നൽകാതെയും, കൊറോണ വൈറസുകൾ വായുവിലൂടെയും പകരുന്നത് കൊണ്ട് വായടച്ചും കൈകൾകെട്ടപ്പെട്ടവനായും എന്റെ ഭവനത്തിൽ എന്റെ ഓഫീസിനകത്തിരുന്നുകൊണ്ടു മാത്രം ദൈവവേല ചെയ്യേണ്ടി വന്നത് എന്റെ ജീവിതത്തിൽ ഒരു വലിയ അനുഭവം തന്നെയാണ്.

വീട്ടിലിരുന്നുകൊണ്ടു ഫോൺ മുഖേനയും, ഇ–മെയിൽ മുഖേനയും കത്തുകൾ മുഖേനയും ജനങ്ങളോട് ദൈവീകസന്ദേശം അറിച്ച്,ഫോൺ മുഖേന തന്നെ ഓരോരുത്തർക്കും വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് ജീവിതചര്യ തുടരുന്നത്, കൺവെൻഷനുകളിലെ ഉണർവ് പോലെത്തന്നെ എനിക്ക് ആത്മ സംതൃപ്തി തരുന്നു. അതുപോലെത്തന്നെ ജാമക്കാരൻ മലയാളം, തമിഴ് മാസികകളിൽ കൂടി വിശ്വാസികൾക്ക് ദൈവീക ദൂത് നൽകുന്നതും വായനക്കാർക്കും, ഒപ്പം എനിക്കും ആത്മീക സംതൃപ്തി തരുന്നു. മാസിക മുഖേനയും ഫോൺ മുഖേനയും മനസാന്തരപ്പെട്ടവരും രോഗസൗഖ്യം ലഭിച്ചവരും തങ്ങളുടെ സന്തോഷത്തെ പങ്കുവയ്ക്കുമ്പോൾ അവരോടൊപ്പം ചേർന്ന് എനിക്കും ദൈവത്തെ സ്തുതിക്കുവാനും മഹത്വപ്പെടുത്തുവാനും കഴിഞ്ഞു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

പുതു വർഷത്തിലെ വാഗ്ദത്ത വചനം വായനക്കാരോട് പറയുന്നത് എന്റെ ശീലമല്ല. വേദപുസ്തകത്തിലെ എല്ലാ വാഗ്ദത്ത വചനങ്ങളും എല്ലാ വർഷത്തിനും എല്ലാ കാലത്തിനും യോജിച്ചവ ആകുന്നു.

കേരളത്തിലും തമിഴ്നാട്ടിലും ഓരോ പുതുവർഷ ആരംഭത്തിലും ഭൂരിപക്ഷം ദൈവവേലക്കാരും, **കർത്താവ് പറഞ്ഞു** എന്നു പറഞ്ഞുകൊണ്ട്,

**പ്രത്യേക വചനത്തെ** നിങ്ങളോടു പറയുവാൻ ദൈവം എന്നെ നിർബന്ധിച്ചു എന്ന് **പച്ചക്കള്ളം** പറയുന്നു. അതിനു വേണ്ടി ഒരുകൂട്ടം ജനങ്ങൾ ഈ വർഷത്തെ വാഗ്ദത്ത വചനം എന്താണെന്ന് ആകാംക്ഷയോടെ കാത്തിരിക്കുന്നു. ഈ പുതിയ വർഷത്തിൽ എന്റെ വായനക്കാർ വേദ വചനത്തെ വായിച്ച്, ഗ്രഹിച്ച്, ധ്യാനിച്ച് ആത്മാവിനെ വചനത്തിൽ ബലപ്പെടുത്തുവാൻ അഭ്യസിക്കണം.

ഈ മാസം ജാമക്കാരൻ വായനക്കാർക്കുള്ള ചിന്താവിഷയമായി റോമാ ലേഖനം 12:12 നെ തെരഞ്ഞെടുക്കുവാൻ ഞാൻ നിർദ്ദേശിക്കുന്നു.

**"നിങ്ങളുടെ പ്രത്യാശ മൂലം ആനന്ദിക്കുക;**
**കഷ്ടതയുണ്ടാകുമ്പോൾ ക്ഷമയോടുകൂടെയിരിക്കുക;**
**പ്രാർത്ഥനയിൽ സ്ഥിര നിഷ്ഠയുള്ളവരായിരിക്കുക;"**

(റോമാ:12:12)

മുകളിൽ കൊടുത്തിരിക്കുന്ന ഈ വചനത്തിൽ മാനസാന്തരപ്പെട്ട ക്രിസ്ത്യാനികൾക്ക് ഒരു പ്രത്യാശയുണ്ട്. അതാണ് ദൈവത്തിന്റെ വചനം. വചനത്തിന് ശക്തിയുണ്ട്, പ്രവർത്തനം ഉണ്ട്. അത് ദൈവം പറഞ്ഞ വചനമാണ്. വചനത്തെ വായിച്ച്, ഗ്രഹിച്ച്, അനുസരണം കാണിച്ചാൽ അതിൽ ഒരു പ്രത്യേക സന്തോഷമുണ്ട്. ഭവനങ്ങളിൽ ദാരിദ്ര്യം ഉണ്ടെങ്കിലും മരണങ്ങൾ സംഭവിച്ചാലും അതിന്റെ മദ്ധ്യത്തിലും ജീവിതത്തിൽ ഒരു പ്രത്യേകം സന്തോഷം ഉണ്ടായിരിക്കും. വേദപുസ്തകത്തിൽ കർത്തവിനെ രുചിച്ചറിവിൻ എന്നൊരു വചനം ഉണ്ട്. ആ രുചിയെ പുറത്തുള്ളവർക്ക് കാണിക്കുവാൻ സാധ്യമല്ല. പറഞ്ഞു മനസ്സിലാക്കുവാനും സാധ്യമല്ല. കരിമ്പ് മാതിരിയിരിക്കുന്നുവെന്നു പറഞ്ഞാൽ മറ്റുള്ളവർ അതു സമ്മതിക്കും. പക്ഷേ, അത് കഴിച്ച് രുചിച്ച ശേഷം അതിനു മധുരമുണ്ട് എന്നുപറയുന്നതിൽ അർത്ഥമുണ്ട്. അതുപോലെതന്നെയാണ് ദൈവത്തിന്റെ വചനം. അതാതു സാഹചര്യത്തിലും പ്രവർത്തിയുടെ അടിസ്ഥാനത്തിലും വചനം നമ്മുടെ ഹൃദയത്തിൽ കടന്നുവരുമ്പോൾ അതിന്റെ രുചി, അതിലൂടെ ലഭിക്കുന്ന

അനുഭൂതി അത് അനുഭവിച്ചവർക്കു മാത്രമേ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു. അതുകൊണ്ട് നമുക്ക് കർത്താവിന്റെ വചനമാണ് പ്രത്യാശ. ഈ പ്രത്യാശ നമ്മുടെയുള്ളിൽ വരുമ്പോൾ ഭാവിയെക്കുറിച്ചുള്ള ഭയമോ സംശയമോ നമുക്ക് ഉണ്ടാവുകയില്ല.

കഴിഞ്ഞ രണ്ടു വർഷങ്ങളായി കൊറോണ വൈറസ് വിവിധ രൂപങ്ങളിലായി വിവിധ പേരുകളിൽ മനുഷ്യനെ ആക്രമിച്ചു നശിപ്പിക്കുന്നത് കാണുമ്പോൾ, ഇത് ഇനിയും എത്രവർഷങ്ങൾ നീണ്ടു പോകും എന്നുള്ള ഭയം മനുഷ്യരിൽ കൂടി കൂടിവരുന്നു. വീണ്ടും ലോക്ക്ഡൗൺ ഉണ്ടായി വ്യാപാരങ്ങൾ നശിച്ച് തൊഴിൽ ഇല്ലാതെ വന്നാൽ നമ്മുടെ മക്കളെ കര കയറ്റുന്നത് എങ്ങനെയാണ്. കുടുംബത്തെ എങ്ങനെ പരിപാലിക്കും എന്ന് ചിന്തിച്ച് നമ്മുടെ പ്രത്യാശയെ നശിപ്പിക്കുന്നു. 1 പത്രോസ് 5:7 –ൽ **അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ ചിന്താകുലങ്ങളെ അവന്റെ മേൽ വച്ചുകൊൾക** എന്ന് പറയുന്നു.

സേലത്ത് എഞ്ചിനീയർ ആയിരുന്ന ഒരു വിശ്വാസി, അവരുടെ ജോലി നഷ്ടപ്പെട്ടു, കമ്പനി പൂട്ടി. ജീവിക്കുവാൻ കഴിയാത്ത ഒരു സ്ഥിതി ഉണ്ടായി. അദ്ദേഹത്തിന്റെ ഭാര്യയും മരിച്ചു. മക്കളുടെ വിദ്യാഭ്യാസം മുടങ്ങി. ആഹാരത്തിനു പോലും വഴി മുട്ടിയ സന്ദർഭത്തിൽ അദ്ദേഹം എന്നെ വന്ന് കണ്ടു. എനിക്ക് ഉത്തരേന്ത്യയിൽ ജോലി ലഭിച്ചു. പക്ഷേ അമ്മയില്ലാത്ത രണ്ടു കുഞ്ഞുങ്ങൾ അനാഥരായിപ്പോകും. അദ്ദേഹത്തിന്റെ ബാങ്കിൽ സ്വാരൂപം ഒന്നും ഇല്ല. റേഷൻ അരി കിട്ടുന്നുണ്ട്. അതുകൊണ്ട് കുടുംബ ചെലവുകൾക്കായി കുറച്ചു പണം നൽകി. അദ്ദേഹത്തെ അയച്ചു. ഏകദേശം രണ്ടാഴ്ചകഴിഞ്ഞു അദ്ദേഹം എന്നെ വന്നു കണ്ടു. എന്നിട്ടു പറഞ്ഞു, അദ്ദേഹത്തിന്റെ സ്ഥിതി അറിഞ്ഞ ഒരു കോൺട്രാക്ടർ പുതയി പണികഴിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു ഭവനത്തിൽ വെള്ളയടിക്കുവാൻ എന്നെ ക്ഷണിച്ചു. അങ്ങനെയെങ്കിലും കുടുംബത്തിലെ പട്ടിണി മാറ്റാമല്ലോ എന്ന ചിന്തയാൽ ലജ്ജിക്കാതെ ഞാൻ ആ പണിക്കു പോയി. ദിവസവും 600 രൂപ ശമ്പളമായി കിട്ടികൊണ്ടിരുന്നു.

എന്റെ മൂത്ത മകളുടെ പഠിത്തം കഴിയാറായിരുന്നു. ഒരു കമ്പനി അവളുടെ ഉയർന്ന മാർക്ക് കണ്ട് അവളെയും അവളുടെ ചില കൂട്ടുകാരെയും തെരഞ്ഞെടുത്തു. യേശുക്രിസ്തു ഞങ്ങളെ കൈവിട്ടില്ല. അവളിലൂടെ ക്രിസ്തു ഞങ്ങൾക്ക് പ്രത്യാശ നൽകി. സഭയിൽ മറ്റുള്ളവർ എന്നെ എഞ്ചിനീയർ സാർ എന്ന് വിളിക്കുമ്പോൾ ഞാൻ ഇപ്പോൾ എഞ്ചിനീയർ അല്ല, ഒരു പെയിന്ററാണ് എന്ന് ലജ്ജിക്കാതെ പറയുവാൻ ദൈവം എന്നെ ഉയർത്തി. എന്റെ മറ്റു രണ്ടു മക്കളും പഠിക്കുന്നുണ്ട്. ഞങ്ങളുടെ കുടുംബ പ്രാർത്ഥന മുടങ്ങിയിട്ടില്ല. കുടുംബത്തിന്റെ സ്ഥിതി എന്റെ മക്കൾ നല്ലവണ്ണം മനസ്സിലാക്കിയതുകൊണ്ട് ക്രിസ്തുമസ്സിന് പുതിയ വസ്ത്രങ്ങളൊന്നും അവർ ആവശ്യപ്പെട്ടില്ല. ഇങ്ങനെ ഞങ്ങളുടെ കുടുംബം ദൈവത്തിലും ദൈവത്തിന്റെ വചനത്തിലും പ്രത്യാശയോടെ ജീവിക്കുന്നതുകൊണ്ട് കുടുംബത്തിലുള്ള ബുദ്ധിമുട്ടുകൾക്കിടയിലും ഞങ്ങൾ സന്തോഷത്തോടെ ജീവിക്കുന്നു. എനിക്ക് ജോലി നഷ്ടപെട്ട ആരംഭ നാളുകളിൽ ഞാൻ തളർന്നു പോകാതെ ഡോക്ടറുടെ ഉപദേശത്താൽ ദൈവത്താലുള്ള പ്രത്യാശയാൽ ഞങ്ങൾക്കൊന്നും നഷ്ടപ്പെട്ടില്ല. ദൈവം ഇന്നും ഞങ്ങളുടെ മദ്ധ്യേ ജീവിക്കുന്നു.

എന്റെ പ്രിയ വായനക്കാരേ, അപ്പോസ്തലനായ പൗലോസ് പറയുന്നതുപോലെ പ്രത്യാശയിൽ സന്തോഷമായിരിക്കണം എന്നത് മുകളിൽ പറഞ്ഞ എഞ്ചിനിയറുടെ അനഭവത്തിലൂടെ മനസ്സിലാക്കുവാൻ സാധിക്കും.

എന്റെ ജീവിതത്തിൽ 2020–ാം വർഷം കൊറോണയുടെ ആദ്യതരംഗത്തിൽ ഞാനും ബാധിക്കപ്പെട്ട് ഏകദേശം 18 ദിവസങ്ങളോളം ആശുപത്രിയിൽ ആയിരുന്നു. ആ നാളുകളിൽ കൊറോണ ബാധിതർക്ക് എന്ത് മരുന്നാണ് ഒടുക്കേണ്ടത് എന്ന് ലോകത്തിലെ ഒരു ഡോക്ടർമാർക്കും അറിയത്തില്ലായിരുന്നു. ആ സമയത്ത് ഇന്ത്യയിലുള്ള ഡോക്ടർമാർ, അമേരിക്കയിലും യൂറോപ്പിലുമുള്ള രാജ്യങ്ങളിലെ ഡോക്ടറുമാരായിട്ട് സംസാരിച്ചിരുന്നു. അവർ അറിയിച്ചത് ഞങ്ങൾക്കും ഗവേഷണ റിപ്പോർട്ടൊന്നും കിട്ടിയില്ല. ആയതിനാൽ ലക്ഷണങ്ങളുടെ അടിസ്ഥാനത്തിലുള്ള ചികിത്സ

കൊടുത്തൽ മതിയെന്നാണ്. ഇതുവരെയും കൊറോണക്കുള്ള മരുന്ന് കണ്ടുപിടിച്ചിട്ടില്ല. തമിഴ്നാട്ടിൽ ഇതിനായി ഗവേഷണം നടത്തിയവർ, ഇതിനു വേണ്ടിയുള്ള ചികിത്സക്കായി ഒരു പ്രോട്ടോക്കോൾ തയ്യാറാക്കി. ആദ്യം വൈറസിനെ നശിപ്പിക്കുവാനും രണ്ടാമതായി ആന്റിബയോട്ടിക് മരുന്നുകൾ ഞരമ്പിലൂടെ ശരീരത്തിൽ കടത്തിയുള്ള ചികിത്സ ചെയ്യുവാൻ തീരുമാനിച്ചു. അങ്ങനെ ഘട്ടം ഘട്ടമായുള്ള ചികിത്സ രീതി തുടങ്ങി. എനിക്കും അങ്ങനെയുള്ള ചികിത്സയാണ് ലഭിച്ചത്. പക്ഷേ കുത്തിവച്ച മരുന്ന് എന്റെ ശരീരത്തിൽ പ്രവർത്തിക്കാതെയായി. ഓക്സിജൻ ലെവൽ 70നും താഴെയായി. ഞാനും ഒരു ഡോക്ടർ ആയതുകൊണ്ട് എന്നെ ചികിത്സിച്ച ഡോക്ടർമാർ എന്നോടും വിവരങ്ങൾ ആരാഞ്ഞു കൊണ്ടേയിരുന്നു. തുടർന്നും എന്നിൽ മാറ്റമൊന്നുമില്ലായിരുന്നതു കൊണ്ട് എനിക്ക് സ്റ്റെറോയിഡ് ഇൻജക്ഷൻ നൽകട്ടെയെന്ന് ചോദിച്ചു. അങ്ങനെ സ്റ്റെറോയിഡ് എന്റെ ശരീരത്തിൽ ഞരമ്പിലൂടെ കടത്തിവിട്ടു. കുടുംബത്തിൽ എന്റെ മാതാപിതാക്കൾക്കൊന്നും പ്രേമേഹരോഗം ഇല്ലായിരുന്നതുകൊണ്ട് എനിക്കും പ്രേമേഹം ഇല്ലായിരുന്നു. എന്നാൽ സ്റ്റെറോയിഡ് ചികിത്സയിലൂടെ എനിക്കും പ്രേമേഹം സ്വാജന്യമായി ലഭിച്ചു. എന്നിട്ടും എന്റെ രോഗത്തിന് ഒരു മാറ്റവും ഉണ്ടായിട്ടില്ല. 6–ാം ദിവസം ഞാൻ മരണത്തെ മുഖാമുഖം കണ്ടു. ഭാവിയെക്കുറിച്ചുള്ള ഒരു പ്രതീക്ഷയും എനിക്കില്ല. ദൈവം കൃപയാൽ എന്റെ കാലത്തെ ഇരട്ടിയായി നൽകി. ഏകദേശം ദൈവത്തിന്റെ പദ്ധതിയെല്ലാം എന്നിലൂടെ പൂർത്തിയാക്കിക്കഴിഞ്ഞു. വിദ്യാഭ്യാസത്തിലും കഴിവിലും ഒരു യോഗ്യതയും ഇല്ലാതിരുന്ന എന്റെ ജീവിതത്തെ ഉയർത്തി, എന്റെ കുടുംബത്തിന്റെ സ്ഥിതിയും ഉയർത്തി. ലോകം മുഴുവനും സഞ്ചരിച്ചു സുവിശേഷം ഘോഷിക്കുവാൻ വാതിലുകൾ തുറന്നു നൽകി. സകല ആരോഗ്യത്തോടും കൂടെ എന്നെ വഴിനടത്തി. എന്റെ രണ്ടു മക്കളേയും നല്ല പദവികളിൽ എത്തിച്ച് എന്നെ നടത്തി. അതുകൊണ്ടു ദൈവത്തോട് യാചിക്കാനോ കരഞ്ഞു പ്രാർത്ഥിക്കാനോ ഒരു വിഷയവും ഇല്ല. അതുകൊണ്ടു ഞാൻ ദൈവ പാദത്തിൽ ചേരുവാനുള്ള നാളുകൾ എണ്ണികൊണ്ടു കഴിഞ്ഞു. മരണാനന്തരമുള്ള പ്രത്യാശ മാത്രം

എന്നിൽ കയറാതെയിരുന്നു. ഓർമ്മ വരുമ്പോഴെല്ലാം ദൈവം എനിക്ക് ചെയ്ത നന്മകളെയെല്ലാം ഓർത്തു സ്തുതിച്ചുകൊണ്ടിരുന്നു.ലോകം മുഴുവനുമുള്ള വിശ്വാസികൾ എന്റെ രോഗവിവരം അറിഞ്ഞ് രോഗ സൗഖ്യത്തിനു വേണ്ടി പ്രാർത്ഥിച്ചു. പക്ഷേ ഞാൻ മാത്രം എന്റെ രോഗ സൗഖ്യത്തിനായി പ്രാർത്ഥിച്ചില്ല. ഞാൻ എന്റെ അമ്മയുടെ ഉദരത്തിൽ ഉരുവായ നാൾ മുതൽ ഇന്നുവരെ എന്നെ നല്ലവണ്ണം അറിഞ്ഞ ദൈവം എന്റെ ആയുസിന്റെ നാളുകളെയും നന്നായി അറിയും. ഞാൻ സൗഖ്യമാകണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത് എന്റെ ദൈവത്തിന്റെ കയ്യിലാണ്. അതിന്റെ അടിസ്ഥാനത്തിൽ 18–ാമത്തെ ദിവസം എന്നെ ജീവനോടെ എന്റെ ഭവനത്തിൽ എത്തിച്ചു. എനിക്ക് പരിപൂർണമായും സൗഖ്യം നൽകി. ദൈവവേല തുടരുവാൻ ദൈവം എന്നെ അനുവദിച്ചു. ഇപ്പോഴും ഞാൻ മൂന്നുമണിക്കൂറോളം സമയം ഒരു സ്ഥലത്തുതന്നെ നിന്നുകൊണ്ട് ദൈവത്തിന്റെ സുവിശേഷം അറിക്കുവാൻ ദൈവം എനിക്ക് ബലം തന്നു. പഴയ നിയമ കാലത്തിൽ കാലേബ് പറഞ്ഞത് പോലെ നാല്പതു വയസ്സിൽ ഉണ്ടായിരുന്ന ബലം ഈ 80–ാമത്തെ വയസ്സിലും ഉണ്ട് എന്ന് പറഞ്ഞതുപോലെ കർത്തവ് എനിക്ക് ഈ 82–ാമത്തെ വയസ്സിലും അതേ ബലത്തെ കൃപയായി നൽകി. **'കർത്താവിന് സ്തോത്രം'** 1969–ാമത്തെ വർഷം ജാമക്കാരൻ വഴിയായി ദൈവം എനിക്ക് ഒരു ദൗത്യം ഏൽപ്പിച്ചു. ദൈവ കൃപയാൽ ഇപ്പോഴും ആ ദൗത്യം നിറവേറ്റിക്കൊണ്ടിരിക്കുന്നു. ദൈവത്തിന് സ്തോത്രം.

## പ്രത്യാശ

മരിച്ചവരെക്കുറിച്ചുള്ള വിശ്വാസവും പ്രത്യാശയും ചില വിശ്വാസികളുടെ ജീവിതത്തിൽ ഇല്ലാതെ പോകുന്നു. മരിച്ചു പോയ ഭാര്യ, ഭർത്താവ്, മാതാപിതാക്കൾ, മക്കൾ ഇവരെക്കുറിച്ച് ഇന്നും ഓർത്തുകൊണ്ടിരിക്കുന്നവർ ധാരാളമുണ്ട്. അവരെ മറക്കണം എന്നു ഞാൻ പറയുന്നില്ല. മരിച്ചവരെ ഓർത്തോർത്ത് ദുഃഖിച്ചുകൊണ്ടിരിക്കുന്നത് വചനത്തിന്റെ അടിസ്ഥാനത്തിൽ ശരിയല്ല. അപ്പോസ്തലനായ പൗലോസ് അങ്ങനെ ദുഖിക്കുന്നവരെക്കുറിച്ച്

തെസ്സലോനിക്കാസഭക്ക് എഴുതുമ്പോൾ അത് അറിവില്ലായിമ (Foolishness) എന്ന് പറയുന്നു. അതിനേക്കാൾ, ഞാനും ഒരുദിവസം മരിക്കും. അപ്പോൾ അവിടെവച്ച് മരിച്ചുപോയ എന്റെ ഭർത്താവിന്റെയോ ഭാര്യയെയോ, മകനെയോ, മകളെയോ കാണും എന്നുള്ള വിശ്വാസത്തിൽ തമ്മിൽത്തമ്മിൽ ആശ്വസിപ്പിക്കണം. എന്ന് സഭക്ക് എഴുതിയിരിക്കുന്നു. ( 1 തെസ്സ :4:13–18)

ഇന്നു പല ക്രിസ്തീയ മാസികകളിലും മരിച്ചവരുടെ ഓർമ്മ പുതുക്കുന്നതിനുവേണ്ടി 2 പേജുകൾ വിട്ടിരിക്കുന്നു. മരിച്ചവരുടെ ഫോട്ടോയോടൊപ്പം മരിച്ച വാർഷിക ദിനങ്ങൾ പ്രസിദ്ധീകരിക്കുന്നു. മരിച്ചവരുടെ ഫോട്ടോ സഹിതം പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയതു കൊണ്ട് എന്താണ് പ്രയോജനം? ഇത് ദൈവത്തിന് ഇഷ്ടമില്ലാത്ത കാര്യമാണ്. അതിനേക്കാൾ നിങ്ങളുടെ രഹസ്യ പ്രാർത്ഥനയിൽ മരിച്ച വ്യക്തി ജീവിച്ചിരുന്നപ്പോൾ ചെയ്ത നല്ല പ്രവർത്തികളെ ഓർത്ത് പ്രാർത്ഥിക്കുന്നത് നല്ലതാണ്. ഫോട്ടോ വച്ച് പരസ്യം നൽകുന്നത് വെറും വിളംബരമാണ്. രക്ഷിക്കപ്പെട്ടവർ അങ്ങനെ ഒരിക്കലും ചെയ്യരുത്. ഇന്ന് മരിച്ചു പോയവരെക്കുറിച്ച് നാളത്തെ പത്രത്തിൽ കൊടുക്കുന്നത് അടുത്ത ബന്ധുക്കൾക്കും ചർച്ചക്കാർക്കും നൽകുന്ന ഒരു അറിയിപ്പാണ്. അതിൽ തെറ്റില്ല.

## കഷ്ടതയും ക്ഷമയും

(റോമ:12:12) കഷ്ടതകളും പ്രയാസങ്ങളും ഇല്ലാത്ത കുടുംബങ്ങളില്ല. അത് വിശ്വാസികളായാലും ദൈവവേലക്കാരായാലും എല്ലാവരുടെ ഭവനങ്ങളിലും കഷ്ടതയും വിവിധ പ്രയാസങ്ങളും ഉണ്ട്. അതുപോലെയുള്ള അവസരങ്ങളിൽ രക്ഷിക്കപ്പെട്ട വിശ്വാസികളായ നാം എങ്ങനെയാണ് അതിനെ അഭിമുഖീകരിക്കുന്നതെന്ന് അവർ ശ്രദ്ധിക്കും. അവരുടെ മുൻപിൽ നിങ്ങളുടെ സാക്ഷി കാണിക്കണം. അതുകൊണ്ടാണ് പൗലോസ് അപ്പൊസ്തലൻ വിശ്വാസികളെ, വായിക്കുന്ന ലേഖനങ്ങളായി എഴുതിയിരിക്കുന്നത്. ഒരു കത്ത വായിച്ചാൽ എന്തൊക്കെ വിഷയങ്ങൾ നാം മനസ്സിലാക്കുന്നു.

അതുപോലെത്തന്നെ നമ്മുടെ ജീവിതത്തെ വീട്ടിലുള്ളവർ വായിക്കുന്നു. യെശയ്യാ പ്രവാചകൻ വഴിയായി കർത്താവു പറയുന്നത്, **ഞാൻ ദൈവം എന്നുള്ളതിന് നിങ്ങളാണ് സാക്ഷികൾ**.(യെശ:43:12). അതുകൊണ്ടു കഷ്ടതയിലും നാം ദൈവത്തിനു സാക്ഷികളായി നിൽക്കണം. അതുമല്ല കഷ്ടതയുടെ നടുവിൽ ക്ഷമയും നമുക്ക് ഉണ്ടാകണം. അപ്പോസ്തലനായ പൗലോസ് പറയുന്നു, അല്പകാലത്തേക്കു അനുഭവിക്കുന്ന ഈ പ്രയാസങ്ങൾ വേഗം നീങ്ങും എന്നാൽ ഇതിനിടയിൽ ക്ഷമവിട്ടുപോയാൽ സാക്ഷ്യം നഷ്ടമാകും.

യരുശലേമിൽ സ്തേഫാനോസിന്റെ സുവിശേഷ വേലയിൽ അനേകം പേർ യേശുക്രിസ്തുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചു. സഭാ വിശ്വാസികളുടെ എണ്ണവും വർദ്ധിച്ചു. യെരുശലേം പട്ടണം മുഴുവനും സുവിശേഷത്താൽ ഇളകി മറിഞ്ഞു. ദേശത്തെ ഭരിക്കുന്നവർക്കും പുരോഹിതന്മാർക്കും വളരെയധികം കോപം ഉണ്ടായി. അതുകൊണ്ട് സ്തേഫാനോസിനെ പിടിച്ചു കെട്ടി നഗരത്തിന്റെ വെളിയിൽ കൊണ്ട് വന്നു. സുവിശേഷം അറിയിച്ചതിന് ഇവൻ ദൈവ ദൂഷണം നടത്തി എന്ന പരാതി പറഞ്ഞു. കൊല്ലപ്പെടണം എന്ന വിധിയുണ്ടായി. പാപമോ തെറ്റോ ചെയ്യാത്ത അവനെ എല്ലാവരും കല്ലെറിഞ്ഞു. ആ സമയത്ത് അവൻ നൽകിയ സന്ദേശം വളരെ പ്രധാനപ്പെട്ടതാണ്. ഉല്പത്തി പുസ്തകം മുതൽ പ്രവാചകന്മാരുടെ പുസ്തകം വരെ സംഭവിച്ചത് പൂർണ്ണ സവിശേഷമായി പറഞ്ഞു അറിയിച്ചു.

ഒടുവിൽ മശിഹയായ യേശു ക്രിസ്തുവിനെ കുല ചെയ്തത് നിങ്ങളാണെന്ന് ജനങ്ങളുടെ മുമ്പിൽ പരസ്യമായി പരസ്യപ്പെടുത്തി. അത് മഹാ പുരോഹിതന്മാർക്കും വേദശാസ്ത്രികൾക്കും പരീശന്മാർക്കും കോപത്തിനും അപമാനത്തിനും ഇടയാക്കി. അവരുടെ കോപത്തെ പുറത്തുകാണിക്കാതെ, പല്ലുകടിയിലൂടെ അത് വെളിപ്പെടുത്തി എന്ന് വേദപുസ്തകത്തിൽ എഴുതിയിരിക്കുന്നു. ഉടനെ തന്നെ എല്ലാവരും അവനെ കല്ലെറിഞ്ഞു. തൻ മരിക്കും എന്നറിഞ്ഞിട്ടും മുഴുവൻ സുവിശേഷവും അറിയിച്ചു. കല്ലുകൾ

ഒന്നൊന്നായി തന്റെ ശരീരത്തിൽ പതിച്ച് രക്തമെല്ലാം നഷ്ടപ്പെട്ടപ്പോൾ തന്റെ മരണം വളരെ് അടുത്ത് എന്ന് അവൻ മനസ്സിലാക്കി. ദൈവം തന്റെ കയ്യിൽ ഏൽപിച്ച ദൗത്യത്തെ നിറവേറ്റിയ തൃപ്തിയോടെ അവൻ ആകാശത്തെ നോക്കി. സ്വർഗ്ഗം തുറന്നിരിക്കുന്നതും അവിടെ പിതാവിന്റെ സാന്നിദ്ധ്യത്തെയും വലതു വശത്ത് യേശുക്രിസ്തു തൊട്ടുനിൽക്കുന്നതും കണ്ടു. യേശുക്രിസ്തു കരം നീട്ടി അവനെ സ്വീകരിക്കുവാനായി നിൽക്കുന്ന കാഴ്ച ലോകത്തിൽ ആർക്കും കിട്ടാത്ത ഭാഗ്യമാണ്. സ്വർഗ്ഗം സ്തേഫാനോസിനുവേണ്ടി തുറന്നിരുന്നു. ഇതെല്ലം അവനു ലഭിക്കുവാൻ കാരണം അവരുടെ ഉപദ്രവത്തിലും അവൻ കാണിച്ച ക്ഷമയാണ്. തൻ മരിക്കും എന്നറിഞ്ഞിട്ടും സുവിശേഷം അറിക്കുന്നതിലുള്ള അവന്റെ വാഞ്ചയും ക്ഷമയുമാണ് തന്നെ കൊല്ലുവാൻ വന്നവർക്കു വേണ്ടി ദൈവത്തോട് മാപ്പു ചോദിക്കുന്നതിലേക്കു അവനെ നയിച്ചത്. മാപ്പ് ചോദിക്കുന്നതിനും ക്ഷമിക്കുന്നതിനുമുള്ള കഴിവ് അവന് ലഭിച്ചത് സ്വർഗ്ഗ വാതിൽക്കൽ ദൈവത്തിന്റെ വലതു ഭാഗത്ത് നിൽക്കുന്ന യേശുക്രിസ്തുവിൽ നിന്നുമാണ്. നമ്മിൽ പലരുടെ ജീവിതത്തിലും നിസ്സാരമായ കാര്യങ്ങൾക്കു പോലും ദേഷ്യത്തോടെ പരുക്കൻ സ്വഭാവങ്ങൾ കാണിക്കുകയും ദോഷവാക്കുകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു. അതു കാരണം സാക്ഷ്യം നഷ്ടപ്പെടുകയും ഭവനത്തിലും സഭയിലും പ്രശ്നങ്ങൾ വർദ്ധിക്കുന്നതിനും പ്രധാന കാരണം ആകുന്നു. സാമ്പത്തിക ഞെരുക്കങ്ങളാകുന്ന കഷ്ടതയിൽ ഭാര്യയോടും ഭർത്താതാവിനോടും ദേഷ്യവും പിറുപിറുപ്പും ഉണ്ടാകുന്നു. ഈ പുതിയ വർഷത്തിൽ കർത്തവേ, എനിക്ക് ക്ഷമാശീലം നൽകി അത് പ്രവർത്തിയിൽ കാണിക്കുവാൻ എന്നെ അനുഗ്രഹിക്കേണമേയെന്നു പ്രാർത്ഥിക്കാം.

## പ്രാർത്ഥനയും സ്ഥിരനിഷ്ഠയും

മനുഷ്യൻ ദൈവത്തോട് ബന്ധപെടുവാനുള്ള ഏക വഴി പ്രാർത്ഥനയാണ്. നമ്മുടെ ദൈവത്തിന് പ്രാർത്ഥന കേൾക്കുന്നവൻ എന്ന പ്രത്യേക പേരുണ്ട്.

ഇന്നു കത്തോലിക്കാ സഭ മരിച്ചവരോടാണ് പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നത് മരിച്ച മറിയ, അന്തോണി, പത്രോസ് തുടങ്ങി ഈ ലോകത്തിൽ ജനിച്ചുവളർന്നവരായിരുന്നവരെ വിശുദ്ധന്മാരാക്കി അവർ മുഖാന്തിരം പ്രാർത്ഥിച്ചാൽ ദൈവം കേൾക്കും എന്ന് തെറ്റായി പഠിപ്പിക്കുന്നു. ടി.വി. മലയാളം ചാനലിൽ 5 ചാനലുകളിലും മാറിയയോടുള്ള പ്രാർത്ഥന ഞാൻ കേട്ടിട്ടുണ്ട്. ഇവർ പഠിപ്പിക്കുന്ന രീതിയിൽ പ്രാർത്ഥിച്ചാൽ ഇവരുടെ പ്രാർത്ഥന ഒരിക്കലും കേൾക്കയില്ല.

നമ്മുടെ ദൈവം വിഗ്രഹ ആരാധനയെ വെറുക്കുന്നവനാണ്. വിഗ്രഹങ്ങൾക്ക് ജീവനില്ല. ഹൈന്ദവർ ആരാധിക്കുന്ന ദൈവങ്ങളായാലും കത്തോലിക്കക്കാർ ആരാധിക്കുന്ന യേശുവിന്റെ വിഗ്രഹങ്ങളായാലും അവക്ക് ജീവനില്ല. കത്തോലിക്കാ സഭ ദൈവം നൽകിയ പത്തു കല്പനകളിലെ രണ്ടാമത്തെ കല്പന എടുത്ത് കളഞ്ഞിട്ട് പുതിയൊരു കല്പന ചേർത്തിട്ടുണ്ട്. ജീവനില്ലാത്ത വിഗ്രഹങ്ങളോടു കരഞ്ഞിട്ടോ പ്രാർത്ഥിച്ചിട്ടോ ഒരു പ്രയോജനവുമില്ല.

നമ്മുടെ വേദപുസ്തകത്തിലുടനീളം നമ്മെ പഠിപ്പിക്കുന്നത്, നമ്മുടെ ദൈവം ആത്മാവ് (Spirit) ആകുന്നു. അതുകൊണ്ടാണ് നമ്മുടെ ദൈവത്തെ സത്യത്തോടും ആത്മാവോടും പ്രാർത്ഥിക്കണം എന്നു ആവശ്യപ്പെടുന്നത്. സങ്കീ:129:4 നമ്മുടെ ദൈവം ഉറങ്ങാത്തവനും മയങ്ങാത്തവനുമായിരിക്കുന്നു.

നാം പ്രാർത്ഥിക്കുമ്പോൾ എപ്പോഴും ദൈവം നമ്മുടെ മുൻപിൽ ഉണ്ടോ എന്നു മനസിലാക്കി വേണം പ്രാർത്ഥിക്കേണ്ടത്. സങ്കീ:145:18 പറയുന്നു. **യഹോവ, തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥനാണ്.** ഈ ചിന്തയോടെ നാം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ പ്രാർത്ഥനയിൽ നല്ല ഏകാഗ്രത കിട്ടും. പ്രാർത്ഥിക്കുമ്പോൾ ഉറക്കം വരികയില്ല. എന്റെ മുൻപിൽ യേശു നിൽക്കുന്നു എന്ന് ഉറപ്പുണ്ടെങ്കിൽ നമുക്ക് ഭയഭക്തിയും, അച്ചടക്കവും, വിശ്വാസവും കൂടെ ഉണ്ടാകും. ഈ ചിന്തയോടല്ലാതെ പ്രാർത്ഥിക്കുന്നവർക്കാണ് ജീവിതത്തിൽ പരാജയം ഉണ്ടാകുന്നത്. നമ്മുടെ ദൈവത്തോട് യാത്ര ചെയ്യുമ്പോഴും

പ്രാർത്ഥിക്കുവാൻ സാധിക്കും. നടന്നുകൊണ്ടും പ്രാർത്ഥിക്കുവാൻ സാധിക്കും. പള്ളിയിൽ നടന്നുപോയി മുട്ടുകുത്തി പ്രാർത്ഥിച്ചാലേ ദൈവം പ്രാർത്ഥന കേൾക്കുകയുള്ളു എന്ന തെറ്റിദ്ധാരണ ആദ്യം മാറ്റണം.

**പ്രർത്ഥന രണ്ട് വിധത്തിലുണ്ട്**

1. വ്യക്തിപരമായ പ്രാർത്ഥന
2. ഒരുമിച്ചുള്ള പ്രാർത്ഥന

വ്യക്തിപരമായ പ്രാർത്ഥനെക്കുറിച്ച് നേരത്തെ തന്നെ നിങ്ങൾ വായിച്ചു. രാത്രിയായാലും പകലായാലും യമങ്ങളായാലും നാം പ്രാർത്ഥിക്കുമ്പോൾ ദൈവം നമ്മുടെ സമീപത്ത് വന്ന് പ്രാർത്ഥന കേൾക്കും. ജോലി കഴിഞ്ഞ് രാത്രി ഭവനങ്ങളിൽ എത്തിയ ശേഷം ആഹാരം കഴിഞ്ഞ് ഉറങ്ങുന്നതിനു മുൻപ് പ്രാർത്ഥിക്കാൻ തുടങ്ങുമ്പോഴേ ക്ഷീണത്തൽ ഉറങ്ങാൻ തുടങ്ങും. ഞാൻ ഡോക്ടറായിട്ട് സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്നപ്പോൾ മൂന്ന് ആശുപത്രികൾ സന്ദർശിച്ചിട്ട് വീട്ടിലേക്ക് മടങ്ങി വരുമ്പോൾ രാത്രി 11 മണിയോളമാകും. രാത്രി എന്റെ കിടക്കയിൽ വേദ പുസ്തകം വായിക്കുമ്പോൾ എന്റെ കൈയിൽ പിടിച്ചിരിക്കുന്ന വേദപുസ്തകം തനിയെ വീഴുന്നത് പോലും ഞാൻ അറിയുകയില്ല. അത്രക്ക് ക്ഷീണിതനായിട്ടാണ് ഞാൻ വരുന്നത്. ഉടനെ കട്ടിലിൽ നിന്നും താഴെയിറങ്ങി മുട്ടുകുത്തി, ദൈവമേ ഇന്ന് നിന്നോട് കൂടെ കൂടുതൽ സമയം പ്രാർത്ഥിക്കുവാൻ സാധിക്കുന്നില്ല. അതുകെണ്ട് യാമത്തിൽ പ്രാർത്ഥിക്കുവാൻ ആഗ്രഹിക്കുന്നു എന്നു പറയും. സങ്കീർത്തനക്കാരൻ പറയുന്നത് പോലെ കാവൽക്കാരാ യാമങ്ങളിൽ എന്നെ ഉണർത്തുക. എന്റെ ദൈവത്തോട് ഞാൻ പ്രാർത്ഥിക്കണം എന്നു പറഞ്ഞ് ദൈവത്തോട് പ്രാർത്ഥിക്കുന്നത് ദാവീദിന്റെ അനുഭവം ആയിരുന്നു. എന്റെ ജാമക്കാരൻ വായനക്കാരോട് ഞാൻ പറയുവാൻ ആഗ്രഹിക്കുന്നത് പ്രാർത്ഥനാ മദ്ധ്യേ ഉറക്കം വന്നാൽ ഉടനെ തന്നെ കിടന്നുറങ്ങണം. നല്ല ഉറങ്ങിയെണീറ്റ ശേഷം പച്ചവെള്ളത്തിൽ മുഖം കഴുകി പ്രാർത്ഥിക്കുവാൻ തുടങ്ങിയാൽ നല്ല

ഏകാഗ്രതയും മുഖാമുഖം സംസാരിക്കുന്നതുപോലെ പ്രാർത്ഥനയിൽ നമുക്ക് ദൈവത്തോട് മുഖാമുഖം പ്രാർത്ഥിക്കുവാൻ കഴിയും. അങ്ങനെ പ്രാർത്ഥിക്കുമ്പോൾ നമുക്ക് ആശ്വാസവും ലഭിക്കും. എന്റെ ദൈവത്തോടു പ്രാർത്ഥിച്ച് പറയുവാനുള്ളതെല്ലാം പറഞ്ഞു കഴിഞ്ഞു. ഇനി സംഭവിക്കാനുള്ളതുപോലെയെല്ലാം സംഭവിക്കട്ടെയെന്നുള്ള ധൈര്യവും നമുക്കു കിട്ടും. അതിന്റെ ശേഷം പ്രാർത്ഥനക്ക് ഉത്തരം ലഭിച്ചാലും ലഭിക്കാതെ പോയാലും അത് തോൽവിയയി നാം എടുക്കാതെ സന്തോഷത്തോടെ നാം സ്വീകരിക്കുന്നു. വേദ പുസ്തകത്തിൽ ദൈവ ഭക്തന്മാർ എത്രയോപേരുടെ പ്രാർത്ഥനക്ക് ഉത്തരം നൽകിയിട്ടില്ല. ചില പ്രാർത്ഥനകൾക്ക് അപ്പോൾ തന്നെ ഉത്തരം ലഭിക്കും. ചില പ്രാർത്ഥനകൾ മാസങ്ങളോളം പ്രാർത്ഥിച്ചാലും മറുപടി ലഭിക്കാത്ത അവസരങ്ങൾ ഉണ്ട്. അത് ദൈവ ഇഷ്ടത്തിനായിട്ട് വിട്ടു കൊടുക്കണം. അപ്പോഴാണ് ശദ്രക്, മേശക്, അബോദനഗോവിനെ പ്പോലെ **ഞങ്ങളുടെ കർത്താവ് ഈ തീച്ചച്ചൂളയിൽ നിന്നും വിടുവിക്കും. വിടുവിക്കാതെ പോയാലും വിഗ്രഹത്തെ ഞങ്ങൾ ആരാധിക്കുന്നില്ല** എന്ന് അവർ രാജാവിനോട് മറുപടി പറഞ്ഞു. അതേ വിശ്വാസ ധൈര്യം നമുക്കും ലഭിക്കും. കാരണം നമ്മുടെ ദൈവത്തിന് നമ്മെക്കുറിച്ച് നന്നായിട്ടറിയാം. അവൻ വളരെ നല്ലവനാണ്. സദാ:3:11 ൽ ജ്ഞാനിയായ ശലോമോൻ പറയുന്നതുപോലെ "**അവൻ സകലവും അതിന്റെ സമയത്തു ഭംഗിയായി ചെയ്തു**". അതാതിന്റെ സമയത്തു എന്നുപറഞ്ഞാൽ നിങ്ങൾ പ്രാർത്ഥിക്കുന്ന വിഷയങ്ങൾക്ക് മറുപടി എപ്പോൾ തരണം എന്നുള്ളത് ദൈവത്തിന് നന്നായിട്ടറിയാം. അതുവരെ നിങ്ങൾ ക്ഷമയോടെ കാത്തിരിക്കുവാൻ പഠിക്കണം.

ഇയ്യോബിന്റെ ജീവിതത്തിൽ ഒത്തിരി പരാജയങ്ങളും രോഗങ്ങളും മരണങ്ങളും ഉണ്ടായി. എന്നിട്ടും ഇയ്യോബ് പറഞ്ഞ മറുപടി എന്താണെന്നു അറിയാമല്ലോ? കർത്തവ് എന്നെ കൊന്നാലും ഞാൻ അവനിൽ തന്നെ വിശ്വസിക്കും എന്നാണ്. ഈ വിശ്വാസത്തിൽ നാമും ഉറച്ചു നിൽക്കണം.

പ്രാർത്ഥനക്ക് മറുപടി കിട്ടാത്ത സമയത്ത് പിറുപിറുക്കാതെ അവൻ തരുന്നതുവരെയും ക്ഷമയോടെ കാത്തിരിക്കണം. മറുപടി കിട്ടുവാൻ താമസിക്കുമെങ്കിൽ അതു കിട്ടുന്നത് വരെയുള്ള ഇടവേളകളിൽ നമ്മുടെ കുറവുകളെ കണ്ടുപിടിക്കാൻ ശ്രമിക്കണം. പ്രാർത്ഥനയിൽ നമ്മെത്തന്നെ പരിശോധിച്ച് ഏതേതു വിഷയങ്ങളിൽ നാം ദൈവത്തിന്റെ മനസ്സിനെ ദുഃഖിപ്പിച്ചിട്ടുണ്ട് ഏതേതു വിധത്തിൽ നാം തെറ്റുകൾ ചെയ്തിട്ടുണ്ട്, നമ്മുടെ പ്രവർത്തികളിൽ, നമ്മുടെ വാക്കുകളിൽ, നമ്മുടെ ചിന്തകളിൽ, നാം മറ്റുള്ളവരോടു നിരപ്പാകുന്ന വിഷയങ്ങളിൽ കുറവുകളോ കുറ്റങ്ങളോ സംഭവിച്ചിട്ടുണ്ടെങ്കിൽ അതെല്ലാം പരിഹരിക്കുവാൻ ശ്രദ്ധിക്കണം. നാം ഈ ഭൂമിയിൽ ജീവിക്കുന്ന എല്ലാ ദിവസങ്ങളിലും രാത്രിയിലോ പകലിലോ രാവിലെയോ വൈകുന്നേരങ്ങളിലോ കൃത്യനിഷ്ഠയോടെ പ്രാർത്ഥനയിൽ ഉറച്ചു നിൽക്കുന്നവരായിരിക്കണം എന്നു പറഞ്ഞുകെണ്ട് ഈ പുതിയ വർഷ ധ്യാന ചിന്തകളെ പ്രാർത്ഥനയോടെ സമർപ്പിക്കുന്നു.

-= Dr. Pushparaj

* കഴിഞ്ഞ വർഷവും കഴിഞ്ഞ കാലങ്ങളിലും എന്റെ ദൈവ വേലയിൽ എന്നെ സഹായിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

നിങ്ങൾ ഓൺലൈൻ (NEFT) മുഖേനയും മണിഓഡർ മുഖേനയും അയച്ചു തന്ന എല്ലാ സംഭാവനകളും എനിക്ക് കിട്ടി. പുതിയ വർഷ ആശംസകൾ അയച്ച എല്ലാവർക്കും എന്റെയും കുടുംബത്തിന്റെയും ആശംസകൾ അറിയിക്കുന്നു.

# കർത്താവിൽ നിദ്ര പ്രാപിച്ചു



ആനക്കട്ടി (ട്രൈബൽ മിഷൻ) ആശുപത്രിയിൽ ഡോ.മേരിചാക്കോ (MBBS, DGO) തന്റെ 88–ാം വയസ്സിൽ കർത്താവിൽ നിദ്ര പ്രാപിച്ചു. മാർത്തോമാ സഭയിലെ മുതിർന്ന പട്ടക്കാരനായ റവ. J.C. കുരുട മണ്ണിൽ അവർളുടെ സഹധർമ്മിണി ആയ ഡോ.മേരി ചാക്കോ അവർകൾ കഴിഞ്ഞ 50 വർഷങ്ങൾ ആയി DGO ഡോക്ടറായി ഒട്ടൻ ചത്രം (അംബിളികൈ) ക്രിസ്ത്യൻ ഫെല്ലോഷിപ്പ് ആശുപത്രിയിലും തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയിലും സേവനം ചെയ്തിരുന്നു. തന്റെ സർവീസിൽ ഏകദേശം 50,000ത്തോളം പ്രസവം എടുത്തിട്ടുള്ള വ്യക്തിയാണ്. ഇത് എക്കാലത്തെയും ഒരു റെക്കോർഡാണ്. ഇവർ കഴിഞ്ഞ ഇരുപത് വർഷത്തോളമായി ആനക്കട്ടി ബഥനി ആശുപത്രിയിൽ വന്നു താമസിച്ച് തന്റെ ശുശ്രൂഷ ചെയ്തു. ഇവർ ഡോക്ടറായി പ്രവർത്തിച്ചതോടൊപ്പം ട്രൈബൽ മിഷന്റെ ഡയറക്ടറായിട്ടും, ട്രൈബൽ മിഷൻ ട്രസ്റ്റിൽ മാനേജിഗ് ട്രസ്റ്റിയായും പ്രവർത്തിച്ചിട്ടുണ്ട്. റവ. J.C. കുരുട മണ്ണിൽ അവർകളും ആനക്കട്ടിയിൽ തന്നെ മരണംവരെയും തന്റെ ഭാര്യ ഡോ.മേരിചാക്കോ

അവർകളോടൊപ്പം ചേർന്ന് പ്രവർത്തിച്ചു. 2010–ൽ ആത്മീയ ദമ്പതികൾ ശിഷ്ടജീവിതം അട്ടപ്പാടിയിലുള്ള ആദിവാസി ജനങ്ങൾക്കുവേണ്ടി സമർപ്പിക്കുകയും തിരുവല്ലയിലുള്ള സ്വന്തം സ്വത്തുക്കളെ വിറ്റ് നാട്ടിലുള്ള ബന്ധുമിത്രാദികളെ എല്ലാവരെയും ഉപേക്ഷിച്ച് ആനക്കട്ടിൽ തന്നെ താമസിച്ച് ശുശ്രൂഷ നടത്തിവരികയായിരുന്നു രണ്ടു വർഷത്തോളം വാർദ്ധക്യ സഹജമായ കാരണങ്ങളാൽ ആനക്കട്ടിയിൽ ട്രൈബൽ മിഷനിൽ നിന്നും വിരമിച്ച് ട്രൈബൽ വീട്ടിൽ തന്നെ കഴിയുകയായിരുന്നു.

ആനക്കട്ടിയിൽ ഡോക്ടറായി സേവനം ചെയ്തിരുന്നപ്പോൾ മറ്റു ഡോക്ടർമാരെക്കാളും വളരെ കുറഞ്ഞ ശമ്പളമാണ് വാങ്ങിയിരുന്നത്. ഈ കൊറോണക്കാലത്തിൽ കേരളത്തിലും തമിഴ്നാട്ടിലും കർഫ്യൂ സമയത്ത് ഒരു രൂപപോലും ശമ്പളമായി കൈപ്പറ്റാതെ സൗജന്യ സേവനം നടത്തിയ വ്യക്തിയായിരുന്നു. തന്റെ 50 വർഷത്തെ ഡോക്ടർ സേവനത്തിൽ നിന്നും സമ്പാദിച്ച പണം ഉപയോഗിച്ച് അട്ടപ്പാടിയിൽ മൂന്നു പള്ളി പണിതു. ആ പള്ളിയിൽ ഇന്നും അനേകം പേർ ദൈവത്തെ ആരാധിക്കുന്നു. ബാക്കിയുള്ള പണത്തിൽ ആനക്കട്ടി ആശുപത്രിയിൽ സകല സൗകര്യങ്ങളോടുള്ള കമ്മ്യൂണിറ്റി സെന്റർ പണിതു സഹായിച്ചു. ഇപ്പോൾ ആ കമ്മ്യൂണിറ്റി സെന്ററിൽ പല മിഷനറി സ്ഥാപനങ്ങളും തങ്ങളുടെ വാർഷികാഘോഷങ്ങൾ നടത്തിവരുന്നു. ആയിരക്കണക്കിനു വിശ്വാസികൾക്ക് തങ്ങാനുള്ള മുറികളും ഡോർമറ്ററികളും പണിത്, ആഹാരം പാചകം ചെയ്യുവാനുള്ള അടുക്കളയും, ഇരുന്നു കഴിക്കുവാനുള്ള വലിയ ഹാളും, ഉപയോഗിച്ചു വരുന്നു. അതോടൊപ്പം

പല ഗ്രാമസഭകൾക്കും ആവശ്യമായ സാധനങ്ങൾ വാങ്ങികൊടുത്തതും ഓരോ സഭക്കും സ്വന്തമായി കിണർ കുഴിക്കുവാനുള്ള ധനസഹായങ്ങളും നൽകി. മിഷനറിമാർക്ക് ധനസഹായങ്ങൾ നൽകിയും മികച്ച സാമൂഹിക സേവനം നടത്തി വരുകയായിരുന്നു ഡോ. മേരിചാക്കോ. കഴിഞ്ഞ 11 വർഷങ്ങളായി ആനക്കട്ടിയിൽ ഡോ. മുരളീധർ MD-യും വലംകൈയ്യായും അവരുടെ മകനെപ്പോലെ വാത്സല്യം നൽകിയും നല്ല അനുഭവ ഉപദേശങ്ങളെ നൽകിയും അദ്ദേഹത്തെ വഴിനടത്തിയതിനെ ഓർത്തും ഡോ. മുരളീധർ MD അവർകൾ ഈ സമയം നന്ദിയോടെ സ്മരിക്കുന്നു. ഡോ. മേരിചാക്കോ അവർകളുടെ മരണം, ആശുപത്രിയിൽ അവരോടൊപ്പം സഹകരിച്ച ഡോക്ടർമാർ, നഴ്സുമാർ, മറ്റു എല്ലാ സഹപ്രവർത്തകർക്കും തീരാനഷ്ടമാണ്. അവർ എല്ലാപേരും വളരെ ദുഃഖത്തിലായിരുന്നു. എല്ലാവർക്കും നല്ല മാതൃക ജീവിതം നയിച്ച ഡോ. മേരിചാക്കോ അവർകളുക്കു വേണ്ടി ആനക്കട്ടി ട്രൈബൽ മിഷന്റെ സ്ഥാപകനും റവ. കുരുടാമണ്ണിൽ ഡോ. മേരിചാക്കോ ദമ്പതികളുടെ ആത്മീക സ്നേഹിതനുമായ ഞാൻ (ഡോ.പുഷ്പരാജ്) ശിരസ്സു നമിക്കുന്നതിനോടെപ്പം സർവ്വവിധ ആദരാഞ്ജലികളും അർപ്പിക്കുന്നു.

ആനക്കട്ടി ബഥനി മിഷൻ ആശുപത്രിയുടെ മെഡിക്കൽ സൂപ്രണ്ടും ട്രൈബൽ മിഷൻ ജന.സെക്രട്ടറിയുമായ ഡോ. മുരളീധർ MD അവർകളും അദ്ദേഹത്തോടൊപ്പം ടൈബൽ മിഷൻ ഭാരവാഹികൾ എല്ലാപേരുടെയും പേരിൽ ഡോ. മുരളീധർ അവർകൾ ദൈവത്തെ സ്തുതിച്ചു നന്ദി പറയുന്നു.

---:---

# ചരമ അറിയിപ്പ്



കണ്ണൂർ ആത്മീയ പാട്ടുകാരൻ സഹോദരൻ S.K.സിറിൾ അവർകൾ ഈ ലോകത്തോടു വിട പറഞ്ഞു. 2022 ജനുവരിയിൽ തന്റെ 90–ാമത്തെ വയസ്സിലാണ് നിത്യതയിൽ പ്രവേശിച്ചത്.

നല്ല പാട്ടുകാരായ സഹോ: S.K.സിറിളും അവരുടെ കുടുംബവും എന്നെ വളരെയധികം സ്നേഹിച്ച വ്യക്തിയാണ്. മലബാർ C.S.I ഡയോസിസിലെ എന്റെ പല കൺവെൻഷനുകളിലും താനും തന്റെ ഗ്രൂപ്പും ചേർന്നൊരുക്കിയ സംഗീത വിരുന്ന് എല്ലാവരെയും ആകർഷിക്കുന്നവയായിരുന്നു. അദ്ദേഹം തന്നെ ഗാനം രചിച്ച് രാഗം നൽകി പാടിയ പാട്ടുകൾ കേരളത്തിലെങ്ങും കേൾക്കുവാൻ ഇടയായി.

വഷർഷങ്ങൾക്കു മുൻപ് അദ്ദേഹത്തിന്റെ കാൽ മുറിക്കേണ്ടി വന്നു. ഓപ്പറേഷൻ തിയറ്ററിന്റെ ഉള്ളിൽ പ്രവേശിക്കുന്ന സമയത്ത് അർത്ഥമുള്ള പാട്ടുകൾ പാടിക്കൊണ്ട്, തന്റെ കാലുകൾ മുറിക്കുവാൻ പോകുന്നുവെന്നറിഞ്ഞു കൊണ്ട് , അതിനനുസരിച്ചുള്ള പാട്ടുകളും അദ്ദേഹം ഉണ്ടാക്കി. അദ്ദേഹം എഴുതിയ ആഴമേറിയ ആത്മീകതയോടെയുള്ള പാട്ടുകൾ കേരള ജനതയ്ക്ക് മറക്കുവാൻ കഴിയുകയില്ല. ഞാൻ എഴുതിയ തമിഴ് പാട്ടുകൾ അദ്ദേഹം തന്റെ വീട്ടിൽ വച്ച് തർജമ ചെയ്ത് സഹായിച്ചു. കഴിഞ്ഞ വർഷം പല മാസങ്ങൾ രോഗാവസ്ഥയിൽ ആശുപത്രിയിൽ മരണാവസ്ഥയിൽ കിടന്നു ഞാൻ തന്നെ ആശുപത്രിയിൽ നേരിട്ടു ചെന്ന് കാണുകയും ഇനിയും സഹോദരൻ സൗഖ്യം പ്രാപിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് ആശുപത്രി

ചിലവ് ഒഴിവാക്കി വീട്ടിൽ കൊണ്ട് പോയി ശുശ്രൂഷിക്കുവാൻ നിർദ്ദേശിച്ചു. വീട്ടിൽ കൊണ്ട് പോയിട്ടും ഒരു മാറ്റവും ഇല്ലാതെ മാസങ്ങളോളം രോഗക്കിടക്കയിൽ ആയിരുന്നു. ഇനി അദ്ദേഹത്തിന്റെ ആത്മാവിനു വേണ്ടി പ്രാർത്ഥിക്കുവാൻ വേണ്ടി മക്കളോട് നിർദ്ദേശിച്ചിട്ട് ഞാൻ മടങ്ങിവന്നു.

മാസങ്ങളായി അദ്ദേഹത്തിന്റെ രോഗാവസ്ഥയിൽ യാതൊരു പിറുപിറുപ്പുമില്ലാതെ അദ്ദേഹത്തെ ശിശ്രുഷിച്ച അദ്ദേഹത്തിന്റെ മരുമക്കളെ ഞാൻ അഭിനന്ദിക്കുന്നു. വേർപാട് ദുഃഖത്തിലായിരിക്കുന്ന സഹോദരന്റെ മക്കൾക്കും മരുമക്കൾക്കും കൊച്ചുമക്കൾക്കും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ദൈവം അവർക്കെല്ലാവർക്കും ആശ്വാസവും ധൈര്യവും നൽകട്ടെ.

* നിങ്ങൾ ഫോൺ മുഖേന അറിയിച്ചതും കത്തുകൾ മുഖേന അയച്ചതും, ഇ–മെയിൽ മുഖേന അയച്ചതുമായ എല്ലാ കുറിപ്പുകൾക്കും വേണ്ടി ഞാൻ പ്രാർത്ഥിച്ചു. പലർക്കും മറുപടിയും അയച്ചിട്ടുണ്ട്. എന്റെ പ്രാർത്ഥന വേളയിൽ നിങ്ങൾ ഓരോരുത്തരുടേയും പ്രാർത്ഥന വിഷയങ്ങൾ എഴുതി വച്ച് പ്രാർത്ഥിക്കുക പതിവാണ്. നിങ്ങൾ അയച്ച പ്രാർത്ഥന വിഷയങ്ങളിൽ മറുപടി ലഭിക്കാത്ത ഒരുപാട് വിഷയങ്ങളും ഉണ്ട്. അതിലെനിക്ക് മനോവ്യസനവും ഉണ്ട്. ഞാൻ നിങ്ങൾക്ക് വേണ്ടി ചെയ്യുന്ന പ്രാർത്ഥന വെറും ശുപാർശ മാത്രമാണ്. നിങ്ങളുടെ ഭാഗത്ത് ദൈവത്തിന് ഇഷ്ടമില്ലാത്ത കാര്യങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അത് ഉപേക്ഷിക്കുന്നതുവരെയും ഞാൻ മാത്രമല്ല എത്ര തന്നെ ദൈവദാസന്മാർ പ്രാർത്ഥിച്ചാലും ശരി അതിന് ഉത്തരം ലഭിക്കുകയില്ല. നിങ്ങളുടെ പ്രാർത്ഥന കുറിപ്പുകൾ എല്ലാം കൂടെ ഒന്നിച്ചു ചേർത്ത് ടോട്ടൽ പ്രാർത്ഥന ഞാൻ നടത്തറില്ല. നിങ്ങളുടെ ഓരോ പ്രാർത്ഥന വിഷയങ്ങളും എന്റെ കൈയിൽ കിട്ടിയാൽ ഉടൻ തന്നെ ഞാൻ പ്രാർത്ഥിച്ചു തുടങ്ങും. ചിലപ്പോൾ ഞാൻ മറന്നു പോകും എന്നുള്ള ഭയത്താലാണ് പ്രാർത്ഥനാവിഷയം കിട്ടിയാൽ ഉടനെ തന്നെ പ്രാർത്ഥിക്കുവാൻ തുടങ്ങുന്നത്. ദൈവം നിങ്ങൾ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ. ഈ പുതിയ വർഷത്തിൽ നിങ്ങൾ ആഗ്രഹിച്ചു, പ്രാർത്ഥിച്ച എല്ലാ വിഷയങ്ങൾക്കും മറുപടി ലഭിക്കുമാറാകട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.



*New Year Begins*
*let us pray, that it will be a year with*
*New Peace, New Happiness.*

*God bless you through out the New year*

# *Happy New Year - 2022*

JANUARY -2022

## Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.